# ആത്മനിർഭർ ഭാരത് (സ്വാശ്രയ ഭാരതം)

സത്യമേവ ജയതേ
ഭാരത സർക്കാർ

## ഭാഗം–1: എം.എസ്.എം.ഇകൾ ഉൾപ്പെടുന്ന ബിസിനസ്സുകൾ

13.05.2020



# പ്രധാനമന്ത്രിയുടെ വീക്ഷണം

- **ആത്മനിർഭർ ഭാരത് അഭിയാന്** വേണ്ടിയുള്ള ആഹ്വാനം – സ്വാശ്രയ ഇന്ത്യാ പ്രസ്ഥാനം

- **ആത്മനിർഭർ ഭാരതിന്റെ അഞ്ചു തൂണുകൾ**– സമ്പദ്ഘടന, അടിസ്ഥാനസൗകര്യം സംവിധാനം, ഊർജ്ജസ്വലമായ ജനസംഖ്യയും ആവശ്യകതയും (ഡിമാന്റ്)

- **20 കോടി രൂപയുടെ സമഗ്രമായ പ്രത്യേക സാമ്പത്തിക പാക്കേജ് – ഇന്ത്യയുടെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജി.ഡി.പി) 10% ന്** തുല്യം.

- മറ്റുള്ളവയോടൊപ്പം കുടിൽ വ്യവസായം, എം.എസ്.എം.ഇ, തൊഴിലാളികൾ, ഇടത്തരക്കാർ, വ്യവസായം ഉൾപ്പെടെ **വിവിധ വിഭാഗങ്ങളുടെ ആവശ്യം നിറവേറ്റുന്നതിനുള്ള** പാക്കേജ്.

- വിവിധ വിഭാഗങ്ങൾക്കിടയിലൂടെയുള്ള **ധീരമായ പരിഷ്ക്കരണങ്ങൾ** സ്വാശ്രയത്വത്തിലേക്ക് രാജ്യത്തെ മുന്നോട്ടുകൊണ്ടുപോകും.

- **നമ്മുടെ പ്രാദേശിക ഉൽപ്പന്നങ്ങൾക്കുവേണ്ടി വാദിക്കുന്നതിനും അവയെ ആഗോളമാക്കുന്നതിനുമുള്ള** സമയമാണിത്.



# പ്രധാനമന്ത്രി ഗരീബ് കല്യാൺ പാക്കേജ് (1)

**കൊറോണാ വൈറസിനെതിരായ പോരാട്ടത്തിൽ പാവപ്പെട്ടവരെ സഹായിക്കുന്നതിനായി പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജനയുടെ കീഴിൽ 1.70 ലക്ഷം കോടി രൂപയുടെ ആശ്വാസപദ്ധതി.**

- **ആരോഗ്യപ്രവർത്തകർക്ക് 50 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ**

- **അടുത്ത മൂന്നു മാസത്തേയ്ക്ക് 80 കോടി പാവപ്പെട്ട ജനങ്ങൾക്ക് 5 കിലോ ഗോതമ്പിന്റെയോ, അരിയുടെയോ നേട്ടം.**

- **അടുത്ത മൂന്നുമാസത്തേയ്ക്ക് പ്രതിമാസം എല്ലാ കുടുംബങ്ങൾക്കും ഒരു കിലോ പയർവർഗ്ഗങ്ങൾ.**

- **അടുത്ത മൂന്നുമാസത്തേയ്ക്ക് 20 കോടി വനിതാ ജൻധൻ അക്കൗണ്ടുകളിലേക്ക് പ്രതിമാസം 500 രൂപ വീതം.**

- **അടുത്ത മൂന്നുമാസത്തേയ്ക്ക് എട്ടുകോടി പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായി പാചകവാതക സിലിണ്ടറുകൾ.**

- **എം.എൻ.ആർ.ഇ.ജി.എ വേതനം 182 രൂപയിൽ നിന്നും 202 രൂപയായി ഉയർത്തി, 13.6 ലക്ഷം കുടുംബങ്ങൾക്ക് നേട്ടം.**

- **പാവപ്പെട്ട മുതിർന്ന പൗരന്മാർ, പാവപ്പെട്ട വിധവകൾ, പാവപ്പെട്ട ദിവ്യാംഗർ എന്നിങ്ങനെ 3 കോടി പേർക്ക് 1,000 രൂപയുടെ എക്സ്ഗ്രേഷ്യ.**









# പ്രധാനമന്ത്രി ഗരീബ് കല്യാൺ പാക്കേജ് (2)

- നിലവിലെ പി.എം-കിസാൻ പദ്ധതിക്ക് കീഴിൽ 2,000 രൂപ കർഷകർക്ക് നൽകി, 8.7 കോടി കർഷകർക്ക് ഗുണമുണ്ടായി

- കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് അനുമതി നൽകി

- 100 തൊഴിലാളികൾക്ക് താഴെയുള്ള വ്യാപാരത്തിൽ പ്രതിമാസം 15,000 രൂപയ്ക്ക് താഴെ വേതനം ലഭിക്കുന്നവരുടെ മാസവേതനത്തിന്റെ 24% അടുത്ത മൂന്നു വർഷത്തേയ്ക്ക് പി.എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കും

- തിരിച്ചടയ്ക്കേണ്ടതില്ലാത്ത 75%ന്റെയോ അല്ലെങ്കിൽ മൂന്നു മാസത്തെ വേതന ത്തിന്റെയോ ഏതാണോ കുറവ് ആ തുക തങ്ങളുടെ അക്കൗണ്ടുകളിൽ നിന്നും മുൻകൂറായി ലഭിക്കുന്നതിന് വേണ്ടി 5 കോടി തൊഴിലാളികൾ എംപ്ലോയ്സ് പ്രോവിഡന്റ് ഫണ്ട് ഇ.പി.എഫിൽ രജിസ്റ്റർ ചെയ്തു

- വനിതാ സ്വയം സഹായ ഗ്രൂപ്പുകൾക്കുള്ള ആസ്തരഹിത വായ്പയുടെ പരിധി 10 ലക്ഷത്തിൽ നിന്നും 20 ലക്ഷം രൂപയായി ഉയർത്തി, 6.85 കോടി കുടുംബങ്ങൾക്ക് സഹായം ലഭിക്കും

- ജില്ലാ ധാതുഫണ്ട് (ഡി.എം.എഫ്) മെഡിക്കൽ പരിശോധന, സ്ക്രീനിംഗ് തുടങ്ങിയവയ്ക്ക് വേണ്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായമായി ഉപയോഗിക്കും









# മറ്റ് നടപടികൾ – 1

- ഇന്ത്യാ ഗവൺമെന്റിന്റെ ആവശ്യപ്രകാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സംസ്ഥാനങ്ങളുടെ വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് പരിധി 60% ഉയർത്തുകയും ഓവർഡ്രാഫ്റ്റ് കാലാവധി വർദ്ധിപ്പിക്കുകയും ചെയ്തു.

- കുടിശികയായി കിടന്ന 5 ലക്ഷം രൂപവരെയുള്ള എല്ലാ ആദായനികുതി റീഫണ്ടുകളും നൽകി, 14 ലക്ഷം നികുതിദായകർക്ക് അതിവേഗം ഗുണം ലഭിച്ചു.

- കുടിശികയായി കിടന്ന എല്ലാ റീഫണ്ട്, ഡ്രോബാക്ക് അവകാശങ്ങൾക്ക് വേണ്ടി സ്പെഷ്യൽ റീഫണ്ട് ആന്റ് ഡ്രോബാക്ക് ഡിസ്പോസൽ ഡ്രൈവ്' നടപ്പാക്കി.

- ഈ രണ്ടു നടപടികൾ വഴി 18,000 കോടി രൂപയുടെ തിരിച്ചുനൽകൽ.

- അടിയന്തര ആരോഗ്യ പ്രതിരോധ പാക്കേജിനായി 15,000 കോടി രൂപ അനുവദിച്ചു.



# മറ്റ് നടപടികൾ – 2

## സ്റ്റാറ്റ്യൂട്ടറി കംപ്ലൈയൻസ് കാര്യങ്ങളിൽ ഇളവ് നൽകി; അതായത്-

- ആദായനികുതി റിട്ടേണുകൾക്കുള്ള അവസാന തീയതി 2020 ജൂൺ 30 ലേക്ക് നീട്ടി.
- ജി.എസ്.ടി റിട്ടേണുകൾ ഫയൽ ചെയ്യുന്നത് 2020 ജൂൺ അവസാനമാക്കി.
- 2020 ജൂൺ 30 വരെ ആഴ്ചയിൽ 24 മണിക്കൂറും കസ്റ്റംസ് ക്ലിയറൻസ്.
- എ.ടി.എമ്മിൽ നിന്നും മറ്റും പണം പിൻവലിക്കുന്നതിന് ഡെബിറ്റ് കാർഡുള്ളവർക്ക് മൂന്നുമാസത്തേക്കു ഇളവ്.
- മോട്ടോർ വാഹന, ആരോഗ്യ ഇൻഷ്വറൻസ് പോളിസികളുടെ പേയ്മെന്റ് 2020 മേയ് 15ന് മുമ്പ് അനുവദിച്ചു.
- നിയമപരമായ ബോർഡ് യോഗങ്ങൾ സെപ്റ്റംബർ 30 വരെ 60 ദിവസത്തേയ്ക്ക് നീട്ടി.
- ഇ-വോട്ടിംഗ്/ ലളിതമാക്കിയ വോട്ടിംഗ് സൗകര്യം എന്നിവയോടൊപ്പം അസാധാരണമായ പൊതുയോഗങ്ങൾ വിഡിയോ കോൺഫറൻസിംഗിലൂടെ നടത്തുന്നതിന് അനുമതി.



# റിസർവ് ബാങ്ക് കൈക്കൊണ്ട നടപടികൾ

- കരുതൽ ധനാനുപാതം (സിആർആർ) കുറച്ചതിന്റെ ഫലമായി പണലഭ്യത **1,37,000 കോടി രൂപ**യായി വർധിച്ചു.

- നിക്ഷേപ ഗ്രേഡ് കോർപ്പറേറ്റ് ബോണ്ടുകൾ, വാണിജ്യപ്രമാണം, തൽസ്ഥിതി മാറ്റാൻ കഴിയാത്ത കടപ്പത്രം എന്നിവയുടെ നവീനവും ഫലപ്രദവുമായ വിന്യാസത്തിന് **1,00,050 കോടി രൂപയുടെ പ്രത്യേക ലക്ഷ്യം വച്ചുള്ള ദീർഘകാല റിപ്പോ നടപടികൾ (ടിഎൽടിആർഒ).**

- ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെയും സൂക്ഷ്മ ധനകാര്യ സ്ഥാപനങ്ങളുടെയും തൽസ്ഥിതി മാറ്റാൻ കഴിയാത്ത കടപ്പത്രം, നിക്ഷേപ ഗ്രേഡ് കോർപ്പറേറ്റ് ബോണ്ടുകൾ, വാണിജ്യപ്രമാണം എന്നിവയിൽ നിക്ഷേപിക്കുന്നതിന് **50,000 കോടി രൂപയുടെ** പ്രത്യേക ലക്ഷ്യം വച്ചുള്ള **ദീർഘകാല റിപ്പോ നടപടികൾ (ടിഎൽടിആർഒ).**

- മാർജിനൽ സ്റ്റാൻഡിങ് സൗകര്യപ്രകാരം (എംഎസ്എഫ്) **ബാങ്കുകൾക്ക് ഉടൻ എടുക്കാവുന്ന വായ്പാ പരിധി വർധിപ്പിക്കുകയും**, ബാങ്കിങ് സംവിധാനത്തിന് കുറഞ്ഞ എംഎസ്എഫ് നിരക്കിൽ **1,37,000 കോടി രൂപയുടെ അധിക പണലഭ്യത** നേടാൻ അനുവദിക്കുകയും ചെയ്യുന്നു.



# റിസർവ് ബാങ്ക് കൈക്കൊണ്ട നടപടികൾ

- നബാർഡ്, സിഡ്ബി, എൻ എച്ച് ബി എന്നിവക്ക് പോളിസി റിപ്പോ നിരക്കിൽ 50,000 കോടിയുടെ സാമ്പത്തിക ഉത്തേജനസൗകര്യങ്ങൾ പ്രഖ്യാപിച്ചു.

- തീവ്ര പണലഭ്യതയുടെ പ്രതിസന്ധി കുറയ്ക്കാൻ മ്യൂചൽ ഫണ്ടുകൾക്ക് വേണ്ടി 50,000 കോടിയുടെ പ്രത്യേക പണലഭ്യതാ സംവിധാനം (എസ് എൽ എഫ്) തുടങ്ങുമെന്ന് പ്രഖ്യാപിച്ചു

- എല്ലാ വായ്പകളുടെയും മാസാന്ത തിരിച്ചടവുകൾക്ക് പ്രവർത്തന മൂലധനത്തിലെ പലിശ അടവിലും 3 മാസത്തെ മോറട്ടോറിയം.

- മാർജിൻ കുറച്ച് പ്രവർത്തനമൂലധനസാമ്പത്തിക ഇടപാട് സുഗമമാക്കുന്നു

- എൻ ബി എഫ് സികളിൽ നിന്ന് എടുത്ത വായ്പകളിൽ റിയൽ എസ്റ്റേറ്റ് മേഖലയ്ക്ക് വാണിജ്യ പ്രവർത്തനങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഒരുവർഷത്തേക്ക് തീയതി നീട്ടി നൽകി.




സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുമായി ബന്ധപ്പെട്ടത്
1. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഉൾപ്പെടെ ഈടില്ലാതെ 3 ലക്ഷം കോടി രൂപയുടെ വായ്പ
2. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് 20,000 കോടി രൂപ കടം നൽകും.
3. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ നിക്ഷേപ ഫണ്ട് വഴി 50,000 കോടി രൂപയുടെ ഇക്വിറ്റി ഒഴിവാക്കൽ
4. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് പുതിയ നിർവചനം
5. 200 കോടി രൂപ വരെആഗോള ടെൻഡർ അനുവദിക്കില്ല
6. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളിൽ മറ്റു ഇടപെടലുകളും
7. വ്യവസായങ്ങൾക്കും തൊഴിലാളികൾക്കും 3 മാസം കൂടി 2500 കോടി രൂപയുടെ ഇ പി എഫ് പിന്തുണ
8. വ്യവസായങ്ങളുടെയും ജീവനക്കാരുടെയും ഇ പി എഫ് വിഹിതം 3 മാസത്തേക്ക് കുറച്ചു- 6750 കോടി രൂപ
9. എൻ ബി എഫ് സി/ എച്ച് സി/എം എഫ് ഐ എന്നിവയ്ക്ക് 30,000 കോടി രൂപയുടെ പണലഭ്യതാ പദ്ധതി
10. എൻ ബി എഫ് സി കൾക്ക് 45,000 കോടിയുടെ ഭാഗിക ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതി 2.0
11. ഡിസ്കോമുകൾക്ക് പണലഭ്യതക്ക് 90,000 കോടി രൂപ
12. കരാറുകാർക്ക് ആശ്വാസ പദ്ധതികൾ
13. ആർ.ഇ.ആർ.എയ്ക്ക് കീഴിലുള്ള റിയൽ എസ്റ്റേറ്റ് പദ്ധതികളുടെ രജിസ്ട്രേഷൻ, പൂർത്തിയാക്കൽ തീയതികൾ നീട്ടി
14. ടി ഡി എസ്/ടി സി എസ് ഒഴിവാക്കുന്നതിലൂടെ 50,000 കോടി രൂപയുടെ പണലഭ്യത
15. ഇതര പ്രത്യക്ഷ നികുതി നടപടികൾ
16. ഇതര പ്രത്യക്ഷ നികുതി നടപടികൾ

## സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ഉൾപ്പെടെയുള്ള വാണിജ്യങ്ങൾക്ക് ഈടില്ലാതെ 3 ലക്ഷം കോടി രൂപയുടെ വായ്പ

- കോവിഡ് 19 മൂലം പ്രതിസന്ധിയിലായ വ്യവസായങ്ങൾക്കും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും പ്രവർത്തനചെലവ് നേരിടാനും അസംസ്കൃത വസ്തുക്കൾ വാങ്ങാനും വ്യവസായം പുനരാരംഭിക്കാനും അധിക ധനസഹായം ആവശ്യമാണ്.

- **തീരുമാനം : സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ബാങ്കുകളിൽ നിന്നും എൻ.ബി.എഫ് സി കളിൽ നിന്നും 29.2.2020 കണക്കാക്കി 20% തിരിച്ചടവില്ലാത്ത ക്രെഡിറ്റ്.**

- 25 കോടി രൂപ നിക്ഷേപവും 100 കോടി രൂപ വിറ്റുവരവുമുള്ള വായ്പക്കാർക്ക് അർഹതയുണ്ടാകും.

- വായ്പാ തിരിച്ചടവിന് 4 **വർഷത്തെ കാലാവധി നൽകി. 12 മാസത്തെ മോറട്ടോറിയം** അനുവദിച്ചു

- **പലിശ നിരക്ക് കുറക്കും**

- വായ്പാതുകയുടെയും പലിശയുടെയും കാര്യത്തിൽ ബാങ്കുകൾക്ക് **100% ക്രെഡിറ്റ് ഗ്യാരന്റി ലഭിക്കും**

- 2020 ഒക്ടോബർ 31 വരെ പദ്ധതികൾ ലഭ്യമാകും.

- **ഗ്യാരന്റി ഫീ, പുതിയ ഈട് എന്നിവ ഒഴിവാക്കും**

- **45 ലക്ഷം യൂണിറ്റുകൾക്ക്** വ്യവസായം പുനരാരംഭിക്കാനും തൊഴിൽ ഉറപ്പുവരുത്താനും സാധിക്കും.



# പ്രതിസന്ധിയിലായ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് 20,000 കോടി രൂപയുടെ സബോഡിനേറ്റ് കടം

- പ്രതിസന്ധിയിലായ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇക്വിറ്റി പിന്തുണ അനിവാര്യമാണ്.
- ഇതിനായി കേന്ദ്രസർക്കാർ **20,000 കോടി രൂപ** അനുവദിക്കും.
- **2 ലക്ഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക്** ഇതിന്റെ ഗുണം ലഭിക്കും.
- **എൻ പി എ അല്ലെങ്കിൽ പ്രതിസന്ധിയിലായ** സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് അർഹതയുണ്ടാകും.
- സിജിടിഎംഎസ്ഇ-യ്ക്ക് ഗവൺമെന്റ് **4000 കോടി രൂപ**യുടെ സഹായം നൽകും.
- ബാങ്കുകൾക്ക് സിജിടിഎംഎസ്ഇ **ഭാഗിക ക്രെഡിറ്റ് ഗ്യാരന്റി സഹായം നൽകും.**
- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പ്രൊമോട്ടർമാർക്ക് ബാങ്കുകൾ വായ്പ നൽകും. അത് യൂണിറ്റ് ഇക്വിറ്റിയായി കണക്കാക്കപ്പെടും.





# നിക്ഷേപത്തിലൂടെ സൂക്ഷ്മ, എം.എസ്.എം.ഇ കൾക്ക് 50,000 കോടി രൂപയുടെ ഇക്വിറ്റി ഇൻഫ്യൂഷൻ

- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ കടുത്ത ഇക്വിറ്റി ക്ഷാമം നേരിടുന്നുണ്ട്.
- **10,000 കോടി രൂപയുടെ** നിക്ഷേപ പദ്ധതി ആരംഭിക്കും
- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വളർച്ചയ്ക്കും നിലനിൽപ്പിനുമായി ഇക്വിറ്റി ധനസഹായം നൽകും.
- ഒരു **കേന്ദ്ര ഫണ്ടും** ഏതാനും **ഉപഫണ്ടും** ഉപയോഗിച്ചാണ് ഈ നിക്ഷേപം പ്രവർത്തിക്കുക.
- **നിക്ഷേപ ഓഹരികളിൽ 50,000 കോടി രൂപ പരമാവധി ഉപയോഗപ്പെടുത്താൻ ഫണ്ട് ഘടന സഹായിക്കും.**
- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വലിപ്പവും ശേഷിയും വികസിപ്പിക്കാൻ സഹായിക്കും.
- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ സ്റ്റോക്ക് എക്സ്ചേഞ്ചുകളുടെ മെയിൻ ബോർഡിൽ ലിസ്റ്റ് ചെയ്യാൻ പ്രോത്സാഹിപ്പിക്കും.



# **എം.എസ്.എം.ഇ കൾക്ക് പുതിയ നിർവചനം**

- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് നൽകിയ പുതിയ നിർവചനത്തിലെ കുറഞ്ഞ പരിധി മൂലം അതിന്റെ പ്രയോജനങ്ങളിൽ നിന്ന് പുറന്തള്ളപ്പെടുമെന്നും വളരാനുള്ള ത്വര ഇല്ലായ്മ ചെയ്യപ്പെടുമെന്നുമുള്ള ഭയം ഈ മേഖലയിലെ വ്യവസായികൾക്കിടയിൽസൃഷ്ടിച്ചിട്ടുണ്ട്.

- ഇതിൽ മാറ്റം വരുത്തണമെത് ദീർഘ കാലത്തെ ആവശ്യമാണ്.

പ്രഖ്യാപനം:

- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ നിർവചനം പരിഷ്കരിക്കും
- **നിക്ഷേപ പരിധി ഉയർത്തിക്കൊണ്ട് മാറ്റം വരുത്തും**
- വിറ്റുവരവിന് **പുതിയ മാനദണ്ഡങ്ങൾ** കൊണ്ടുവരും.
- ഉൽപ്പാദന, സേവനമേഖലകൾ എന്ന വിവേചനം ഇല്ലാതാക്കും.
- **നിയമത്തിൽ അനിവാര്യമായ ഭേദഗതികൾ** വരുത്തും.



# എം.എസ്.എം.ഇ കളുടെ നിലവിലുള്ളതും പുതുക്കിയതുമായ നിർവചനം

| എംഎസ്എംഇ: നിലവിലുള്ള വർഗീകരണം | | | |
|---|---|---|---|
| മാനദണ്ഡം: തൊഴിലിടത്തിലെ നിക്ഷേപം, യന്ത്രങ്ങൾ / ഉപകരണങ്ങൾ | | | |
| വർഗീകരണം | സൂക്ഷ്മ | ചെറുകിട | ഇടത്തരം |
| നിർമാണ സംരംഭങ്ങൾ | നിക്ഷേപം < 25 ലക്ഷം രൂപ | നിക്ഷേപം < 5 കോടി രൂപ | നിക്ഷേപം < 10 കോടി രൂപ |
| സേവന സംരംഭങ്ങൾ | നിക്ഷേപം < 10 ലക്ഷം രൂപ | നിക്ഷേപം < 2 കോടി രൂപ | നിക്ഷേപം < 5 കോടി രൂപ |

| പുതുക്കിയ എം.എസ്എംഇ വർഗീകരണം | | | |
|---|---|---|---|
| സംയോജിത മാനദണ്ഡം: നിക്ഷേപവും വാർഷിക വിറ്റുവരവും | | | |
| വർഗീകരണം | സൂക്ഷ്മ | ചെറുകിട | ഇടത്തരം |
| നിർമാണ സേവന സംരംഭങ്ങൾ | നിക്ഷേപം < 1 കോടിരൂപ, വിറ്റുവരവ് < 5 കോടിരൂപ | നിക്ഷേപം < 10 കോടിരൂപ, വിറ്റുവരവ് < 50 കോടിരൂപ | നിക്ഷേപം < 20 കോടിരൂപ, വിറ്റുവരവ് < 100 കോടിരൂപ |

# 200 കോടി രൂപ വരെ ആഗോള ടെൻഡറുകൾ അനുവദനീയമല്ല

- രാജ്യത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളും മറ്റു കമ്പനികളും പലപ്പോഴും വിദേശ കമ്പനികളിൽ നിന്ന് നീതികരിക്കാനാകാത്ത മത്സരമാണ് നേരിടുന്നത്.
- അതുകൊണ്ട് 200 കോടി വരെയുള്ള സർക്കാർ നിർവഹണ ടെൻഡറുകളിൽ ആഗോള ടെൻഡറുകൾ അനുവദിക്കില്ല.
- പൊതുവായ ധനകാര്യ നിയമങ്ങളിൽ വേണ്ട ഭേദഗതികൾ പ്രാബല്യത്തിൽ വരും.
- ഇത് സ്വയംപര്യാപ്തമായ ഇന്ത്യയിലേയ്ക്കുള്ള (ആത്മനിർഭർ ഭാരത്) ചുവടുവയ്പും മേക്ക് ഇൻ ഇന്ത്യക്കു താങ്ങുമാകും.
- വ്യവസായം ഊർജിതമാക്കുന്നതിന് ഇത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സഹായിക്കും.



# എം.എസ്.എം.ഇ കൾക്കായുള്ള മറ്റ് സഹായങ്ങൾ

- കോവിഡിനെതുടർന്ന് സൂക്ഷ്മ, ഇടത്തരം, ചെറുകിട വ്യവസായങ്ങൾ ഉൽപ്പാദനത്തിലും വിപണനത്തിലും പ്രതിസന്ധികൾ നേരിടുന്നു.
- എക്സിബിഷനുകൾക്കും ട്രേഡ് ഫെയറുകൾക്കും പകരമായി **ഇ- മാർക്കറ്റ് ലിങ്കേജ്** പ്രോത്സാഹിപ്പിക്കും
- **ഇ-മാർക്കറ്റ് പ്ലെയ്സ് വഴി സൃഷ്ടിച്ച ഡാറ്റ ഉപയോഗിച്ച് ഇടപാടുകൾ മെച്ചപ്പെടുത്താൻ ധനകാര്യ സാങ്കേതികവിദ്യ (ഫിൻ ടെക്)** ഉപയോഗിക്കും.
- സർക്കാരിൽ നിന്നും സർക്കാർ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും സൂക്ഷ്മ, ഇടത്തരം, ചെറുകിട വ്യവസായങ്ങൾക്ക് ലഭിക്കാനുള്ള തുക കൊടുത്തു തീർക്കുന്നുണ്ടോയെന്ന കാര്യം സർക്കാർ നിരന്തരമായി പരിശോധിച്ചു വരികയാണ്.
- **എം എസ് എം ഇകൾക്ക് സർക്കാരിൽ നിന്നും കേന്ദ്ര പൊതുമേഖല സംരംഭങ്ങളിൽ ( സി പി എസ് ഇകൾ) നിന്നും ലഭിക്കാനുള്ളവ 45 ദിവസത്തിനുള്ളിൽ ലഭ്യമാക്കും.**



# വ്യവസായങ്ങൾക്കും തൊഴിലാളികൾക്കും അടുത്ത മൂന്ന് മാസത്തേക്ക് കൂടി 2500 കോടി രൂപയുടെ ഇ പി എഫ് സഹായം

- വ്യവസായങ്ങൾ പ്രവർത്തനം പുനരാരംഭിച്ചാലും ആദ്യ നാളുകളിൽ സാമ്പത്തിക പ്രതിസന്ധി നേരിടാനിടയുണ്ട്.

- പ്രധാനമന്ത്രി ഗരീബ് കല്യാൺ പാക്കേജിനു കീഴിൽ തൊഴിലുടമയിൽ നിന്നും തൊഴിലാളികളിൽ നിന്നും വേതനത്തിന്റെ 12 ശതമാനം വീതം പിടിച്ച് ഇ പി എഫ് ഫണ്ട് രൂപീകരിച്ചിരുന്നു.

- **2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായിരുന്നു ഇതിനു പ്രാബല്യം ഇത് 2020 ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലേക്ക് കൂടി ഇപ്പോൾ ദീർഘിപ്പിച്ചിരിക്കുന്നു**

- ഇ:ുവഴി 3.67 ലക്ഷം സ്ഥാപനങ്ങൾക്കും 72.22 ലക്ഷം തൊഴിലാളികൾക്കുമായി **2500 കോടി** രൂപയുടെ സഹായം ലഭിക്കും.



## വ്യവസായങ്ങൾക്കും തൊഴിലാളികൾക്കും മൂന്ന് മാസം ഇ പി എഫ് വിഹിതം ഒഴിവാക്കി- 6750 കോടി രൂപയുടെ സാമ്പത്തിക സഹായം

- വ്യവസായങ്ങൾക്ക് അടുത്ത പാദത്തിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാമ്പത്തിക പിന്തുണ ആവശ്യമാണ്
- കോവിഡ് കാലത്ത് തൊഴിലാളികൾക്ക്  കൂടുതൽ വേതനവും തൊഴിലുടമകൾക്ക് പ്രൊവിഡന്റ് ഫണ്ടിലേക്ക് കൂടുതൽ തുക നിക്ഷേപിക്കാതിരിക്കാനുമുള്ള സാഹചര്യമാണു വേണ്ടത്.
- **ആയതിനാൽ ഇ പി എഫിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും തൊഴിൽദാതാക്കൾക്കും അവരുടെ പ്രൊവിഡന്റ് ഫണ്ട് വിഹിതമായ 12 ശതമാനം 10 ശതമാനമായി അടുത്ത മൂന്ന് മാസത്തേക്ക് കുറയ്ക്കുന്നതാണ്.**
- അതേസമയം സി പി എസ് ഇകളും സംസ്ഥാന പി എസ് യുകളും തൊഴിലുടമയുടെ 12 ശതമാനം ഇ പി എഫ് വിഹിതം അടയ്ക്കുന്നത് തുടരണം.
- **പ്രധാനമന്ത്രി ഗരീബ് യോജനയിലും അതുമായി ബന്ധപ്പെട്ട പദ്ധതികളിലും ഉൾപ്പെടുത്തി 24 ശതമാനം ഇ പി എഫ് വിഹിതം ലഭിക്കാത്ത തൊഴിലാളികളാണ് ഇതിന്റെ ഗുണഭോക്താക്കൾ.**
- ഇത് ഇ പി എഫ് ഒയ്ക്ക് കീഴിൽ വരുന്ന **6.5 ലക്ഷം സ്ഥാപനങ്ങൾക്കും 4.3 കോടി തൊഴിലാളികൾക്കും** ഗുണകരമാവും.
- **ഇത് അടുത്ത മൂന്ന് മാസത്തേക്ക് തൊഴിലാളികൾക്കും തൊഴിൽ ദാതാക്കൾക്കും 6750 കോടി രൂപയുടെ** സഹായമാകും.



## ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ/ഹൗസിംഗ് ഫിനാൻസ് കമ്പനികൾ/ മൈക്രോഫിനാൻസ് കമ്പനികൾ എന്നിവയ്ക്ക് 30,000 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ്

- ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ/ഹൗസിംഗ് ഫിനാൻസ് കമ്പനികൾ/ മൈക്രോഫിനാൻസ് കമ്പനികൾ എന്നിവയ്ക്ക് നിലവിൽ പണം സ്വരൂപിക്കാൻ ബുദ്ധിമുട്ടുകളുണ്ട്

- സർക്കാർ ഇവയ്ക്കായി **30,000 കോടി രൂപയുടെ പ്രത്യേക പദ്ധതി** ആരംഭിക്കും

- ഈ പദ്ധതിക്ക് കീഴിൽ **എൻ.ബി.എഫ്.സികൾ, എച്ച്.എഫ്.സികൾ, എംഎഫ്ഐകൾ എന്നിവയുടെ നിക്ഷേപ ഗ്രേഡ് കടപ്പത്രത്തിലെ പ്രാഥമിക- ദ്വിതീയ മാർക്കറ്റ് ഇടപാടുകളിൽ നിക്ഷേപം നടത്തും**

- ലിക്വിഡിറ്റി വർദ്ധിപ്പിക്കാൻ ആർ ബി ഐയും സർക്കാരും സഹായം നൽകും **ആവശ്യമായ സുരക്ഷ കേന്ദ്ര സർക്കാർ ഉറപ്പ്** നൽകുന്നു

- എൻ ബി എഫ് സികൾ, എച്ച് എഫ് സികൾ, എം എഫ് ഐകൾ, മ്യൂച്വൽ ഫണ്ടുകൾ എന്നിവയ്ക്ക് ആവശ്യമായ ലിക്വിഡിറ്റി നേടുന്നതിനുള്ള പിന്തുണ നൽകുകയും വിപണിയിൽ ആത്മവിശ്വാസം സൃഷ്ടിക്കുകയും ചെയ്യും.



## **ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്ക് 45,000 കോടിയുടെ ഭാഗിക ക്രെഡിറ്റ് ഗ്യാരന്റി സ്കീം 2.0**

- കുറഞ്ഞ ക്രെഡിറ്റ് നിരക്കിലുള്ള എൻ ബി എഫ് സികൾ, എച്ച് എഫ് സികൾ, എം എഫ് ഐകൾ എന്നിവയ്ക്ക് സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കും വ്യക്തികൾക്കും പുതുതായി പണം കടം നൽകാൻ ലിക്വിഡിറ്റി ആവശ്യമാണ്.

- കടപ്പത്രങ്ങൾ/സി പികൾ എന്നിവയുടെ വിൽപന(ബാലൻസ് ഷീറ്റിലെ ബാധ്യത പട്ടിക) പോലെയുള്ള **കടം വാങ്ങലുകൾ** ഉൾപ്പെടുത്താൻ നിലവിലുള്ള പി സി ജി എസ് സ്കീമിന്റെ പരിധി കൂട്ടും

- **ആദ്യ 20 ശതമാനം നഷ്ടം ജാമ്യക്കാരനായ കേന്ദ്ര സർക്കാർ വഹിക്കും**

- എഎ പേപ്പറും താഴെ റെയ്റ്റ് ചെയ്യാത്ത പേപ്പറുകളുമുൾപ്പെടെ (പ്രത്യേകിച്ച് നിരവധി എം എഫ് ഐകൾക്ക് പ്രധാനപ്പെട്ടത്) നിക്ഷേപങ്ങൾക്ക് യോഗ്യമാണ്

- ഈ സ്കീം വിപണിയിൽ **45,000 കോടി രൂപയുടെ സാന്നിധ്യം** സൃഷ്ടിക്കും



# ഡിസ്കോമുകൾക്ക് 90,000 കോടിയുടെ ഉത്തേജക പാക്ക്

- ഊർജ്ജ വിതരണ കമ്പനികളുടെ (ഡിസ്കോമുകൾ) വരുമാനം കുത്തനെയിടിഞ്ഞു
- ആവശ്യത്തിലുണ്ടായ കുറവ് കാരണം **മുൻ കൂട്ടി കാണാനാകാത്ത സാമ്പത്തിക പ്രശ്നം** ഡിസ്കോം വൈദ്യുതോൽപാദന-വിതരണ കമ്പനികൾക്ക് നിലവിൽ 94,000 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്
- **പവർ ഫിനാൻസ് കോർപ്പറേഷൻ/റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ എന്നിവ ഡിസ്കോമുകളിൽ നിന്ന് 90,000 കോടി രൂപയുടെ വൈദ്യുതി വാങ്ങും**
- ഡിസ്കോമുകൾക്ക് ജനറേഷൻ കമ്പനികൾക്ക് കൊടുത്തു തീർക്കാനുള്ള കടബാധ്യതയ്ക്കായി **സംസ്ഥാനങ്ങളുടെ ജാമ്യത്തിൽ** ലോണുകൾ അനുവദിക്കും.
- **പ്രത്യേക പ്രവർത്തനങ്ങൾക്കും പരിഷ്കരണത്തിനുമായുള്ള ബന്ധിപ്പിക്കൽ :** ഡിസ്കോമുകൾ ഉപഭോക്താക്കൾക്കായി ഡിജിറ്റൽ പെയ്മന്റ് സൗകര്യം ഒരുക്കുന്നു. സംസ്ഥാനസർക്കാരുകൾ അടച്ചു തീർക്കാനുള്ള തുക കണ്ടെത്തൽ, സാമ്പത്തിക-പ്രവർത്തനനഷ്ടം കുറയ്ക്കാനുള്ള പദ്ധതി
- കേന്ദ്ര പൊതുമേഖലാ ജനറേഷൻ കമ്പനികൾ **ഡിസ്കോമുകൾക്ക് ഇളവുകൾ** നൽകും. ഈ ഇളവുകൾ ഡിസ്കോമുകൾ ഉപഭോക്താക്കളുമായി പങ്കുവയ്ക്കണം



# കരാറുകാർക്കുള്ള ആശ്വാസ നടപടികൾ

- **ആറു മാസം വരെ കാലാവധി നീട്ടൽ** (കരാറുകാർക്ക് ചെലവുകളൊന്നും വരാതെ) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും (റെയിൽവേ, ഗതാഗത മന്ത്രാലയം, പൊതുമരാമത്ത് വകുപ്പ് പോലുള്ളവ) ആറു മാസം വരെ കാലാവധി നീട്ടിക്കൊടുക്കും

    - നിർമ്മാണ പ്രവർത്തനം, ചരക്കു സേവനങ്ങൾ എന്നീ മേഖലകളിലെ കരാറുകാർ ഇതിനു കീഴിൽ വരുന്നു

    - പണി പൂർത്തിയാക്കാമെന്ന ഉടമ്പടി, ഇടനിലക്കാരൻ ഇടപെടുന്ന കാര്യങ്ങൾ തുടങ്ങിയവയും പൊതു- സ്വകാര്യ പങ്കാളിത്തത്തിൽ നടക്കുന്ന കരാറുകളുടെ കാലാവധി നീട്ടുന്നതും ഇതിൽ ഉൾപ്പെടുന്നു

- വിപണിയിൽ പണമൊഴുക്ക് എളുപ്പമാക്കാൻ ഭാഗികമായി പൂർത്തിയാക്കിയ കാലാവധി നീട്ടിയ കരാറുകൾക്കായി **ഗവൺമന്റ് സ്ഥാപനങ്ങൾ ബാങ്ക് ജാമ്യങ്ങൾ അനുവദിക്കും**



# ആർഇആർഎയ്ക്ക് കീഴിൽ റിയൽ എസ്റ്റേറ്റ് പ്രൊജക്ടുകളുടെ രജിസ്റ്റർ ചെയ്യൽ/ പൂർത്തീകരിക്കൽ തീയതി നീട്ടൽ

- കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി നിശ്ചയിച്ച കാലാവധിക്കുള്ളിൽ ബഹുഭൂരിഭാഗം പദ്ധതികളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ കാലാവധി നീട്ടേണ്ടതുണ്ട്.
- ഭവന, നഗരദാരിദ്ര്യ ലഘൂകരണ മന്ത്രാലയം താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ സംസ്ഥാനങ്ങൾ/ കേന്ദ്ര ഭരണ പ്രദേശങ്ങൾ/ അവയുടെ റഗുലേറ്ററി അതോറിറ്റികൾ എന്നിവയോട് നിർദ്ദേശിക്കുന്നു

    - കോവിഡ് 19 നെഒരു ***‘അസാധാരണ സംഭവം’*** ആയി കണക്കാക്കുക
    - 2020 മാർച്ച് 25 നോ അതിനു ശേഷമോ നിർമ്മാണം പൂർത്തിയാക്കേണ്ട എല്ലാ പദ്ധതികളുടെയും **രജിസ്ട്രേഷൻ/ പൂർത്തീകരണ തീയതി** അപേക്ഷ കൂടാതെ ആറു മാസത്തേക്ക് നീട്ടണം
    - ആവശ്യമെങ്കിൽ റഗുലേറ്ററി അതോറിറ്റികൾക്ക് ഈ കാലാവധി 3 മാസം കൂടി നീട്ടിക്കൊടുക്കാവുന്നതാണ്.
    - പുതുക്കിയ സമയക്രമം അനുസരിച്ച് **പുതിയ പദ്ധതി രജിസ്ട്രേഷൻ** അനുവദിക്കുക
    - ആർ ഇ ആർ എയുടെ നേതൃത്വത്തിൽ യോജിച്ച് തർക്കങ്ങൾ തീർപ്പാക്കുക

- ഈ നടപടികൾ റിയൽ എസ്റ്റേറ്റ് ഡെവലപർമാരുടെ സമ്മർദ്ദം കുറയ്ക്കുകയും പുതിയ സമയപരിധിയിൽ ബുക്ക് ചെയ്ത ഉപഭോക്താക്കൾക്ക് അവരുടെ വീടുകൾ ലഭിക്കുകയും ചെയ്യും.



## ടി ഡി എസ്/ ടി സി എസ് നിരക്ക് കുറയ്ക്കലിലൂടെ 50,000 കോടി കണ്ടെത്തൽ

- നികുതിദായകർക്ക് നിലവിൽ കൂടുതൽ തുക കയ്യിൽ വരുന്നതിനായി താമസിക്കുന്ന സ്ഥലത്ത് കൊടുക്കുന്ന ശമ്പളമല്ലാത്ത തുകകൾ പോലുള്ളവയുടെ ടാക്സ് ഡിഡക്ഷൻ അറ്റ് സോഴ്സ് ( ടി ഡി എസ്) നിർദ്ദിഷ്ട രസീതുകൾക്കുള്ള ടാക്സ് കളക്ഷൻ അറ്റ് സോഴ്സ് ( ടി സി എസ്) നിരക്ക് എന്നിവ 25 ശതമാനം വെട്ടിക്കുറയ്ക്കും.

- കരാർ, പ്രൊഫഷണൽ ഫീസ്, പലിശ, വാടക, ലാഭവിഹിതം, കമ്മീഷൻ, ബ്രോക്കർ ഫീസ് തുടങ്ങിയവയ്ക്കായുള്ള തുക കുറച്ച ടി ഡി എസിന്റെ നിരക്കിൽ ഉൾപ്പെടും.

- ഈ നിരക്ക് കുറയ്ക്കൽ 2020-21 സാമ്പത്തിക വർഷത്തിലെ ബാക്കിയുള്ള കാലയളവിൽ, അതായത് ഇന്ന് മുതൽ 2021 മാർച്ച് 31 വരെ മാത്രം ബാധകമായിരിക്കും.

- **ഈ നടപടികൾ 50,000 കോടി രൂപ കണ്ടെത്തുന്നതിനു സഹായിക്കും.**



# മറ്റ് പ്രത്യക്ഷ നികുതി നടപടികൾ

- **ചാരിറ്റബിൾ ട്രസ്റ്റുകൾ, പ്രൊപ്രൈറ്റർഷിപ്പ്, പങ്കാളിത്ത വ്യവസായം, എൽ എൽ പികൾ, കോർപ്പറേറ്റുകൾ** ഉൾപ്പെടെയുള്ള കോർപ്പറേറ്റ് അല്ലാത്ത ബിസിനസുകൾക്കും പ്രൊഫഷണലുകൾക്കും കൊടുക്കാനുള്ള റീഫണ്ടുകൾ ഉടൻ കൊടുത്തു തീർക്കും.

- **2019-20 സാമ്പത്തിക വർഷത്തിൽ അടച്ചു തീർക്കാൻ ബാക്കിയായ** എല്ലാ ആദായ നികുതി അടവുകളുടേയും **അടക്കാനുള്ള തീയതി 2020 ജൂലൈ 31, ഒക്ടോബർ 31 എന്നീ തീയതികളിൽ നിന്ന് 2020 നവംബർ 30 ആയി** പുനക്രമീകരിച്ചിരിക്കുന്നു. നികുതി ഓഡിറ്റ് തീയതി സെപ്റ്റംബർ 30 ൽ നിന്ന് ഒക്ടോബർ 31 ലേക്ക് മാറ്റിയിരിക്കുന്നു.



# മറ്റ് പ്രത്യക്ഷ നികുതി നടപടികൾ

- 2020 സെപ്റ്റംബർ 30നു വിലക്കിയ നികുതി മൂല്യനിർണ്ണയം 2020 ഡിസംബർ 31 ലേക്കും 2021 മാർച്ച് 31 നു വിലക്കപ്പെട്ടവരുടെ തീയതി 2021 സെപ്റ്റംബർ 30ലേക്കും മാറ്റിയിരിക്കുന്നു

- **വിവാദ് സേ വിശ്വാസ് പദ്ധതിയിൽ പിഴ കൂടാതെ പണമടയ്ക്കാനുള്ള തീയതി 2020 ഡിസംബർ 31 വരെ നീട്ടി**



നന്ദി